**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4140** **28-06-2024 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് പി. ഡി.എസ്. പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സ്മാർട്ട് പി.ഡി.എസ്. പദ്ധതിയുടെ ഗുണ, ദോഷ വശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | സ്മാർട്ട് പി ഡി എസ് പദ്ധതി നിലവിൽ വരുന്നതോടുകൂടി<br>1) രാജ്യത്തുടനീളമുള്ള റേഷൻ ഗുണഭോക്താക്കളെ ഒരു ഏകീകൃത നമ്പർ ഉപയോഗിച്ച് തിരിച്ചറിയുവാനും ആയതിലൂടെ രാജ്യത്തുടനീളം വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനായുള്ള വിവര കൈമാറ്റം വേഗത്തിലും കാര്യക്ഷമവുമായി നടപ്പിലാക്കുന്നതിനും സഹായിക്കും.<br>2) നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് വിവരങ്ങൾ വിശകലനം ചെയ്യുന്നതിലൂടെ സംസ്ഥാനത്തിനും കേന്ദ്ര സർക്കാരിനും റേഷൻ ഗുണഭോക്താക്കൾക്ക് നൽകിവരുന്ന സേവനങ്ങളിൽ വേഗത്തിൽ ക്രമീകരണങ്ങൾ നടത്തുവാൻ സാധിക്കും.<br>3) നെല്ല് സംഭരണം മുതൽ വിതരണം വരെയും, കേന്ദ്ര സർക്കാരിന് കീഴിലെ എഫ് സി ഐ ൽ നിന്നുള്ള ധാന്യങ്ങൾ സംഭരിച്ച് വിതരണം നടത്തുന്നതിന്റെയും നടപടിക്രമങ്ങൾ ഒരൊറ്റ സോഫ്റ്റ് വെയറിൽ തന്നെ പൂർത്തീകരിക്കാം.<br>4) റേഷൻ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ ഈ ഏകീകൃത പദ്ധതിയിലൂടെ വേഗത്തിലും, കര്യക്ഷമമായും സംസ്ഥാനത്ത് നടപ്പിലാക്കുവാൻ സാധിക്കും.<br>5) മികവുറ്റ പരാതി പരിഹാര സംവിധാനം നിലവിൽ വരുന്നതോടെ പരാതികൾ സമയ ബന്ധിതമായി പരിഹരിക്കുന്നതിനും, അറിയിപ്പുകൾ യഥാസമയം ലഭ്യമാക്കുന്നതിനും സാധിക്കുന്നു.<br>6) സ്മാർട്ട് പി ഡി എസ് പദ്ധതിയുടെ ഭാഗമായി ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്ന സംഭരണ കേന്ദ്രങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കായി മൊബൈൽ ആപ്പ് ലഭ്യമാക്കുന്നു. ആയതിലൂടെ സംഭരണ കേന്ദ്രങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും, ഭക്ഷ്യ |

| | | | |
|---|---|---|---|
| | | | ധാന്യങ്ങൾ കേട്ട കൂടാതെ വിതരണം നടത്തുവാനും സാധിക്കും.<br>സ്മാർട്ട് പി ഡി എസ് നടപ്പിലാക്കുന്നതോടു കൂടി കേന്ദ്ര ആനുകൂല്യങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള കുറവ് വരുമെന്ന് വിലയിരുത്തിയിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതി നിർബന്ധമായി നടപ്പാക്കണമെന്ന് കേന്ദ്രം സംസ്ഥാനങ്ങളോട് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്നും നടപ്പാക്കിയില്ലെങ്കിൽ ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം സംസ്ഥാനത്തിന് ലഭിച്ചു കൊണ്ടിരിക്കുന്ന ഏതെങ്കിലും ആനുകൂല്യങ്ങൾക്ക് കുറവ് സംഭവിക്കുമെന്ന വ്യവസ്ഥ കേന്ദ്രം നിഷ്കർഷിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (ബി) | സ്മാർട്ട് പി ഡി എസ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 10/08/2023, 31/10/2023, 29/11/2023, 04/12/2023, 29/01/2024 എന്നീ തീയതികളിൽ വീഡിയോ കോൺഫറൻസ് മുഖേന സംസ്ഥാനത്തെ വിവിധ തലങ്ങളിലെ ഉദ്യോഗസ്ഥരുമായി കേന്ദ്ര സർക്കാരിലെ ഉന്നത ഉദ്യോഗസ്ഥർ മീറ്റിങ്ങുകൾ നടത്തുകയും, പ്രസ്തുത മീറ്റിങ്ങുകളിൽ സ്മാർട്ട് പി ഡി എസ് നിർബന്ധമായും സംസ്ഥാനത്ത് നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും രാജ്യത്തെ മറ്റു സംസ്ഥാനങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതിന് അതാതു സർക്കാരുകൾ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദീകരണം നടത്തുകയും സംസ്ഥാനം ആയതു നടപ്പിലാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് നിർബന്ധിക്കുകയും ചെയ്തിട്ടുള്ളതാണ്.<br>സംസ്ഥാനത്ത് സ്മാർട്ട് പി ഡി എസ് പദ്ധതി നിർബന്ധിതമായി നടപ്പിലാക്കുന്നതിനു 25/01/2024 - ലെ D.O:24/Kerala/2023-Comp.Cell(E:385925) നമ്പർ അർദ്ധ ഔദ്യോഗിക കത്തു പ്രകാരം കേരളാ ഭക്ഷ്യ പൊതുവിതരണ സെക്രട്ടറിയ്ക്ക് കേന്ദ്ര ഭക്ഷ്യ പൊതുവിതരണ വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിരുന്നു. |
| (സി) | സ്മാർട്ട് പി. ഡി. എസ്. പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതോടെ സംസ്ഥാനത്തെ കുടുംബങ്ങളുടെ സാമൂഹിക സാമ്പത്തിക സ്ഥിതിവിവര കണക്കിന്റെ അടിസ്ഥാനത്തിൽ ആധികാരികമായി തയ്യാറാക്കിയിട്ടുള്ള റേഷൻ കാർഡ് വിവര ശേഖരത്തിന്റെ നിയന്ത്രണം കേന്ദ്ര സർക്കാരിന് ലഭ്യമാകുമോ; | (സി) | സംസ്ഥാനത്തെ കുടുംബങ്ങളുടെ സാമൂഹിക സാമ്പത്തിക സ്ഥിതിവിവര കണക്കുകളെ സംബന്ധിച്ച DATABASE, നിലവിൽ സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള RCMS (RATION CARD MANAGEMENT SYSTEM) ൽ ആണ് ഉൾപ്പെട്ടിട്ടുള്ളത്. പ്രസ്തുത DATABASE നിലവിൽ ഹോസ്റ്റ് ചെയ്തിരിക്കുന്നത് സംസ്ഥാന സർക്കാരിന്റെ പൂർണ നിയന്ത്രണത്തിലുള്ള ഐ ടി മിഷന് കീഴിലുള്ള സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ ആയതിനാൽ അത്തരത്തിലുള്ള ആശങ്കകൾക്ക് അടിസ്ഥാനമില്ല. |
| (ഡി) | എങ്കിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി സംസ്ഥാനം കൈവരിച്ച സാമൂഹിക പുരോഗതിയുടെ അടിസ്ഥാനത്തിൽ ഭക്ഷ്യധാന്യം ഉൾപ്പെടെയുള്ള സാമൂഹിക ക്ഷേമാനുകൂല്യങ്ങളുടെ മേൽ കേന്ദ്ര സർക്കാരിന് നിയന്ത്രണം ഏർപ്പെടുത്തുവാൻ | (ഡി) | സ്മാർട്ട് പി ഡി എസ് നടപ്പിലാക്കുന്നതോടു കൂടി സംസ്ഥാനം കൈവരിച്ച സാമ്പത്തിക പുരോഗതിയ്ക്കനുസരിച്ച് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾക്കും, മറ്റു ആനുകൂല്യങ്ങൾക്കും ഏതെങ്കിലും തരത്തിലുള്ള കുറവ് |

| | | | |
|---|---|---|---|
| | കഴിയുമെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | | വരുമെന്ന വിലയിരുത്തൽ സംസ്ഥാന സർക്കാർ നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ